DESPATCHED
On...18/06/2020

27/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.303(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.2022/SIC-Gen 2/2013**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. വിനോദിനി അമ്മ,
പള്ളിക്കുത്ത് വീട്,
തിരൂർക്കാട് പി.ഒ., അങ്ങാടിപ്പുറം വഴി,
മലപ്പുറം ജില്ല – 679 321. — അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കെ.എസ്.എഫ്.ഇ. പെരിന്തൽമണ്ണ ശാഖ,
പെരിന്തൽമണ്ണ പി.ഒ.,
മലപ്പുറം ജില്ല.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് ജനറൽ മാനേജർ,
കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസ്,
റീജിയണൽ ഓഫീസ്, കല്ലായി റോഡ്,
കോഴിക്കോട്. — എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി KSFE പെരിന്തൽമണ്ണ ശാഖയിലെ ബിൽ കളക്ടറായ ശ്രീ. സുനിൽകുമാർ .പി എന്നയാളുടെ സർവീസ് സംബന്ധിച്ച വിവരങ്ങൾ ചോദിച്ച് 29.10.12ന് ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം 01.04.13ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് നൽകി. ഇതിൽ പറയുന്നത് അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട ആദ്യ രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരം കൃത്യമായി നൽകിയെന്നും, മൂന്നാം ചോദ്യമായ 'ജോലിയിൽ പ്രവേശിച്ചതിനുശേഷം 2012 ഒക്ടോബർ 31 വരെ അദ്ദേഹത്തിന് എത്ര രൂപ കമ്മീഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്, അതിന്റെ വർഷവും മാസവും തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് തരിക' എന്ന ചോദ്യത്തിന് "കേരള സർക്കാർ ഉത്തരവ് 77000/CDN/5/06 dated 30.10.2006 പ്രകാരവും, വിവരാവകാശ നിയമം 2005ന്റെ 11-ാം വകുപ്പ് പ്രകാരം മൂന്നാം കക്ഷി വിവരമായതിനാലും നൽകാൻ കഴിയുന്നതല്ല"

എന്നാണ്. മൂന്നാം കക്ഷിയായ ശ്രീ. സുനിൽകുമാർ ഈ വിവരങ്ങൾ നൽകുന്നതിന് ടിയാന് സമ്മതമല്ല എന്നറിയിച്ചിരുന്ന കാര്യവും റിപ്പോർട്ടിൽ പറയുന്നുണ്ട്.

3. ഈ കാര്യങ്ങളെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന് കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

അപ്പീൽ ഹർജിക്കാരിയുടെ അപേക്ഷയിലെ മൂന്നാം ചോദ്യം മൂന്നാം കക്ഷിയെ ബാധിക്കുന്നതാണെങ്കിലും, മൂന്നാം കക്ഷിയുടെ സ്വകാര്യതയിലേക്ക് കടന്നുകയറ്റം നടത്തുന്ന വിവരമല്ല അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാൻ ചെയ്ത സേവനത്തിന് ഒന്നാം എതിർകക്ഷിയുടെ ഓഫീസ് കമ്മീഷൻ ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങളാണ് ചോദിച്ചിട്ടുള്ളത്. ടി തുകയാകട്ടെ, പൊതു ഫണ്ടിൽ നിന്നുള്ള പണമാണുതാനും. അതിന്റെ നിജസ്ഥിതിയും സത്യസന്ധതയും അറിയാൻ ഏതൊരു പൗരനും അവകാശമുണ്ട്. മൂന്നാം കക്ഷിക്കു സമ്മതമല്ലെന്നു പറഞ്ഞാൽപ്പോലും, ഇതിലെ വിശാല താൽപ്പര്യം കണക്കിലെടുത്ത് ഈ വിവരം നൽകാവുന്നതേയുള്ളൂ. അത് നൽകാതിരുന്ന എതിർകക്ഷികളുടെ നടപടി വിവരാവകാശ നിയമത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഉണ്ടായിട്ടുള്ളത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല.

4. അതുകൊണ്ട്, ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ ടി വിവരം അപ്പീൽ ഹർജിക്കാരിക്കു നൽകിയെന്ന് ഉറപ്പാക്കുകയും, ടി വിവരം കമ്മീഷനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

5. അതോടൊപ്പം പരാമർശിത കാലയളവിലെ എതിർകക്ഷികൾ നിയമം ദുർവ്യാഖ്യാനം ചെയ്ത് ടി വിവരം നിഷേധിച്ചു എന്നതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയതും മേൽപറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് നൽകേണ്ടതാണ്.

6. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 27-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.